# 1

1-31

- കൃഷണന് സമൃദ്ധിയും കൃഷ്ണസഖന് ഏഴത്തവുമോ
- സ്നേഹിതനെ കാണവേ മതിമറന്ന ദ്വാരകാപ്രഭു
- ദ്വാരകാധിപന്റെ കുശലാന്വേഷണം
- വികാരതരളിതമായ കുചേലമനം
- ഭക്തിയ്ക്ക് പട്ടിണി തീർക്കാനാവുമോ
- ഭക്തിയിൽ കുതിർത്തതുതന്നെ ഭഗവാന്നിഷ്ടം
- പൂർണതയ്ക്ക് ഗുരു കൂടിയേതീരൂ
- പ്രഭുദരിദ്രക്കൂടിക്കാഴ്ചയിലെ മൂല്യങ്ങൾ
- പതിദൗത്യം പൂരിപ്പിയ്ക്കാൻ പത്നിഹൃദയം
- കുചേലനിൽ വിരിഞ്ഞ ധർമഗാഥ
- ഏഴത്തമകറ്റി ഉൾനിറയ്ക്കുന്ന ഭക്തിനിധി

# 2

33-64

- സമന്തപഞ്ചകത്തിലെ സ്നേഹമാമാങ്കം
- ഗോപികൾക്ക് കൃഷ്ണാശ്ലേഷസംവാദം
- ആകാശഗ്രഹണത്തോടുള്ള ഭൗമപ്രതികരണം
- ഗോപികൾക്ക് അന്തിമകൃഷ്ണോക്തികൾ
- കൃഷ്ണപത്നിമാരുടെ നിവേദനങ്ങൾ
- ദ്രൗപദിയോട് കൃഷ്ണപത്നിമാർ ഉൾതുറക്കുന്നു
- കൃഷ്ണനണച്ച കന്യകൾ രാമൻശങ്കിച്ച സീത
- തത്ത്വജ്ഞർതന്നെ ശരിയായ തീർഥങ്ങൾ
- കൃഷ്ണസ്തുതി മഹർഷിമാരുടെ പ്രതിസ്തുതി
- മുനിമാരോട് വസുദേവന്റെ തത്ത്വാന്വേഷണം
- വസുദേവന്റെ യാഗനിർവഹണം
- സമന്തപഞ്ചകത്തിലെ ബഹുമുഖോത്സവം
- ദേവതോപാസന പാപംതീർക്കില്ല
- കൃഷണൻ പരമപുരുഷൻതന്നെ
- ഏഷണകളകറ്റാൻ യജ്ഞം തത്ത്വശ്രവണം

## 3

65-77

- മകനെ സ്തുതിയ്ക്കുന്ന വസുദേവൻ
- പിതാവിനെ ഉണർത്തുന്ന പുത്രമൊഴികൾ
- കൃഷ്ണൻ സോദരരെത്തേടി മഹാബലിമുമ്പിൽ
- കൃഷ്ണരാമന്മാർ  പ്രധാനപുരുഷന്മാരെന്ന് അച്ഛൻ
- പിതൃമൊഴികളെ വിശദമാക്കിക്കൊണ്ട് മകൻ
- ദേവകിയ്ക്ക് സന്താനദർശനം മോഹമുക്തി

## 4

79-90

- അർജുനന്റെ തീർഥയാത്ര സുഭദ്രാപരിണയം
- മഹത്വമുറ്റ സംന്യാസം പരക്കെ ആദരാർഹം
- പ്രച്ഛന്നവേഷത്തിൽ ദൗത്യമാണ് ഗണന
- ഭക്തദർശനകാംക്ഷിയായ കൃഷ്ണചിത്തം
- ഋഷിയനുഗ്രഹം ദേവാനുഗ്രഹത്തിനും മീതെ
- ആപ്തകാമന്മാർ സർവാദരാർഹർ

## 5

91-117

- ഐന്ദ്രിയഭോഗപരമായ വേദം ബ്രഹ്മജ്ഞാപകമോ
- വേദങ്ങൾതന്നെ വേദസാരമോതുന്ന രംഗം
- തത്ത്വഗർഭവും നിർണായകവുമായ ശ്രുതിഗീത
- കേട്ടുപഠിച്ചുസൂക്ഷിച്ച സ്വരവാക്യനിധി
- വേദം അപൗരുഷേയമോ
- ഗായത്രീസൂക്തം പുറംസൂര്യനെ ഉദ്ദേശിച്ചോ
- വൈവിധ്യത്തിലും മുഴങ്ങുന്ന ഏകധ്വനി
- സ്തുതിയഗ്നികർമങ്ങളുംവിട്ട് ഉപാസനയ്ക്ക്
- ദൃശ്യത്തെ വെന്നുവന്ന ദൃങ്മാനമഹിമ
- വേദങ്ങളുടെ ജ്ഞാപകത്വം മഹാവാക്യങ്ങൾ
- തത്ത്വജിജ്ഞാസ വൈദികജീവിതമുഖമുദ്ര
- ബ്രഹ്മജ്ഞാനമൊഴികെ എല്ലാം അപരാവിദ്യാ
- വൈദികകർമങ്ങൾ ഓട്ടത്തോണിയത്രെ
- ഇഷ്ടാപൂർത്തവിശ്വാസം പടുവിഡ്ഢിത്തം
- വേദകർമവിധികൾ ഫലമില്ലാപുഷ്പങ്ങൾ
- തപസ്സും ശ്രദ്ധയുമാണ് സുപ്രധാനം

# 6

119-142

- വൈരാഗ്യസമ്പന്നനായി ഗുരുനിർദേശം തേടുക
- ജീവന് ജന്മമരണമോ പുണ്യപാപമോ ഇല്ല
- യമനെ ഞെട്ടിച്ച നചികേതസ്സ്
- ദേഹത്തിലെ ജീവൻ ശാശ്വതംതന്നെ
- ജീവനെ നിത്യചേതനയായി ഉണരുക
- ബ്രഹ്മമാണ് എങ്ങും
- പ്രപഞ്ചരചന മായാമയമെന്നു വേദങ്ങൾ
- സർവനാശങ്ങളിലും അധിഷ്ഠാനം സത്യംതന്നെ
- ഈശ്വരനെ സർവത്ര ഭജിയ്ക്കുന്നതത്രേ ശ്രേഷ്ഠം
- ഭഗവാന് പ്രിയനും അപ്രിയനുമില്ല
- അറിയുന്നില്ലെന്ന് ഉണരുന്നവൻ അറിയുന്നു
- സൃഷ്ടിരഹസ്യമറിയാൻ സദ്ഗുരുതന്നെ മാർഗം
- നിർദ്വന്ദ്വതയാണ് മോക്ഷം
- ചിത്തത്ത്വമനനം പരമം
- ദേഹിയെപ്പറ്റിയുള്ള ശരിയായ തത്ത്വവിചാരം

# 7

143-155

- വിഷ്ണുപ്രസാദം എന്തുകൊണ്ട് അപൂർവം
- ശിവാനുഗ്രഹത്താൽ താളംതെറ്റിയ വൃകൻ
- ശിവരക്ഷയ്ക്കെത്തിയ വിഷ്ണുകൗശലം
- ആരാധനാവൈവിധ്യത്തിന്റെ പിന്നിൽ
- ഹരിപ്രീതി ഗുണാതീതമായ ശാശ്വതനന്മയ്ക്ക്
- ഹരി ആദ്യം ഭക്തന്റെ ധനം അപഹരിയ്ക്കുന്നു
- മറ്റുള്ളവർ ഭൗതികധനം തരുന്നു വിഷ്ണു ആത്മധനവും
- ഗതിമുട്ടിയ ശിവന്റെ രക്ഷയ്ക്കായി മോഹനബ്രഹ്മചാരി
- ലോകം സനാഥമാണെപ്പോഴും

8
157-166

- വിഷ്ണുവിന്റെ മാറിൽ ചവിട്ടിയ ഭൃഗുമഹർഷി
- ഭഗവാനെ പരീക്ഷിയ്ക്കുന്ന ഭക്തിധീരത സ്വാതന്ത്ര്യം
- പരമഹംസതൂലികയ്ക്ക് അരുതാത്തതില്ല
- വൈകുണ്ഠത്തിലും നടക്കാത്തത് സരസ്വതീതടത്തിൽ
- ചവിട്ടിയകാൽ മടിയിൽവെച്ചുതലോടുന്ന വിഷ്ണുവോ

9
167-183

- ദ്വാരകാശിശുമരണം തടയാൻ അർജുനപ്രതിജ്ഞ
- നഷ്ടശിശുക്കളെത്തേടി കൃഷ്ണനും അർജുനനും
- സമുദ്രഭവനത്തിലെ അനന്തശായിയ്ക്കു മുമ്പിൽ
- സദ്ഭരണത്തിനുള്ള ധാർമികമാനദണ്ഡം
- അവിവേകത്താൽ ഉതിർന്ന അർജുനപ്രതിജ്ഞ
- പാർഥന്റെ സ്വയംദഹനം തടഞ്ഞ് കൃഷ്ണൻ തിരച്ചിലിന്
- മഹാവിഷ്ണുസമക്ഷം കൃഷ്ണനും അർജുനനും
- എന്തും എങ്ങും ഈശ്വരേച്ഛതന്നെ
- സന്തോഷസല്ലാപത്തോടെ ദ്വാരകാജീവിതം
- കൃഷ്ണവംശത്തിന്റെ വിശേഷവശങ്ങൾ

185-191

- അനുക്രമണിക

# 1

- കൃഷ്ണന് സമൃദ്ധിയും കൃഷ്ണസഖന് ഏഴത്തവുമോ
- സ്നേഹിതനെ കാണവേ മതിമറന്ന ദ്വാരകാപ്രഭു
- ദ്വാരകാധിപന്റെ കുശലാന്വേഷണം
- വികാരതരളിതമായ കുചേലമനം
- ഭക്തിയ്ക്ക് പട്ടിണി തീർക്കാനാവുമോ
- ഭക്തിയിൽ കുതിർത്തതുതന്നെ ഭഗവാന്നിഷ്ടം
- പൂർണതയ്ക്ക് ഗുരു കൂടിയേതീരൂ
- പ്രഭുദരിദ്രക്കൂടിക്കാഴ്ചയിലെ മൂല്യങ്ങൾ
- പതിദൗത്യം പൂരിപ്പിയ്ക്കാൻ പത്നിഹൃദയം
- കുചേലനിൽ വിരിഞ്ഞ ധർമഗാഥ
- ഏഴത്തമകറ്റി ഉൾനിറയ്ക്കുന്ന ഭക്തിനിധി

---

## കൃഷ്ണന് സമൃദ്ധിയും കൃഷ്ണസഖന് ഏഴത്തവുമോ

"അനന്തവീര്യനായ മുകുന്ദന്റെ മറ്റു പ്രഭാവങ്ങളെപ്പറ്റിയും കേൾക്കണമെന്നുണ്ട് എനിയ്ക്ക്," പരീക്ഷിത്ത് ശുകനോടു പറഞ്ഞു: "ബ്രഹ്മർഷേ, വിഷയശോകത്തിൽ കിടന്നുഴലുന്ന ആർക്കാണ് ഉത്തമശ്ലോകന്റെ ചരിതങ്ങൾ കേട്ടു മതിയാകുക?"

**സാ വാഗ് യയാ തസ്യ ഗുണാൻ ഗൃണീതേ**
**കരൗ ച തത്കർമകരൗ മനശ്ച**
**സ്മരേദ് വസന്തം സ്ഥിരജങ്ഗമേഷു**
**ശൃണോതി തത്പുണ്യകഥാഃ സ കർണഃ**

**ശിരസ്തു തസ്യോഭയലിങ്ഗമാനമേ-**
**ത്തദേവ യത് പശ്യതി തദ്ധി ചക്ഷുഃ**
**അങ്ഗാനി വിഷ്ണോരഥ തജ്ജനാനാം**
**പാദോദകം യാനി ഭജന്തി നിത്യം** (10.80.3,4)

അദ്ദേഹത്തിന്റെ ഗുണമഹിമകൾ കീർത്തിയ്ക്കുന്നതാണ് സാഫല്യകരമായ വാക്ക്, ഭഗവത്കൈങ്കര്യം ചെയ്യുന്നവ കൈകളും. സ്ഥാവരജംഗമങ്ങളിൽ കുടികൊള്ളുന്നവനെ സ്മരിയ്ക്കുന്നതേ ശരിയായ മനസ്സാകൂ. അദ്ദേഹത്തിന്റെ പുണ്യചരിതങ്ങൾ കേൾക്കുന്നവ ചെവികളും.

ഈശ്വരന്റെ നിശ്ചലപ്രതിമകളേയും പല ദേഹമായ ഭക്തജനങ്ങളേയും പ്രണമിയ്ക്കുന്നതാണ് ശിരസ്സ്, ഇവയെ അതേപടി കാണുന്നതാണ് കണ്ണ്, വിഷ്ണുവിന്റേയും തദ്ഭക്തരുടേയും പാദതീർഥം അണിയുന്നവയാണ് അംഗങ്ങൾ.

സൂതൻ പറയുന്നു: പരീക്ഷിത്തിന്റെ അഭിലാഷമറിഞ്ഞ് ഈശ്വരമഗ്ന

മായ മനസ്സോടുകൂടിയ ശുകൻ പറഞ്ഞു:

**കൃഷ്ണസ്യാസീത് സഖാ കശ്ചിദ്-**
**ബ്രാഹ്മണോ ബ്രഹ്മവിത്തമഃ**
**വിരക്ത ഇന്ദ്രിയാർത്ഥേഷു**
**പ്രശാന്താത്മാ ജിതേന്ദ്രിയഃ**

**യദൃച്ഛയോപപന്നേന**
**വർതമാനോ ഗൃഹാശ്രമീ**
**തസ്യ ഭാര്യാ കുചൈലസ്യ**
**ക്ഷുത്ക്ഷാമാ ച തഥാവിധാ** (10.80.6,7)

കൃഷ്ണനു ബ്രഹ്മവിത്തമനായ ഒരു ബ്രാഹ്മണസ്നേഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം ഇന്ദ്രിയങ്ങളെ അടക്കി പ്രശാന്തമനസ്സോടെ വിരക്തനായി കഴിയുന്നവനാണ്.

യദൃച്ഛയാ വന്നുചേരുന്നതുകൊണ്ട് കഴിഞ്ഞുകൂടുന്നവനും ഗൃഹസ്ഥാശ്രമിയുമായ അദ്ദേഹം കീറിയ വസ്ത്രമാണ് ഉടുത്തിരുന്നത്. വിശപ്പിനാൽ മെലിഞ്ഞിരുന്ന ഭാര്യയും അദ്ദേഹത്തെപ്പോലെ തന്നെയായിരുന്നു.

**പതിവ്രതാ പതിം പ്രാഹ**
**മ്ലായതാ വദനേന സാ**
**ദരിദ്രാ സീദമാനാ സാ**
**വേപമാനാഭിഗമ്യ ച**

**നനു ബ്രഹ്മൻ ഭഗവതഃ**
**സഖാ സാക്ഷാച്ഛ്രിയഃ പതിഃ**
**ബ്രഹ്മണ്യശ്ച ശരണ്യശ്ച**
**ഭഗവാൻ സാത്വതർഷഭഃ** (10.80.8,9)

ദരിദ്രയായ ആ പതിവ്രത ചുങ്ങിയ മുഖവും തളർച്ചയുമായി ഒരിയ്ക്കൽ ഭർത്താവിന്റെ പക്കൽച്ചെന്നു വിറച്ചുകൊണ്ട് പറഞ്ഞു.

ബ്രാഹ്മണശ്രേഷ്ഠ, ഭവാന്റെ സ്നേഹിതൻ സാക്ഷാത് ശ്രീപതിയും, ബ്രാഹ്മണഭക്തനും ശരണ്യനും, യദുകുലശ്രേഷ്ഠനും ഷഡ്ഗുണസമ്പന്നനുമല്ലേ.

**തമുപൈഹി മഹാഭാഗ**
**സാധൂനാം ച പരായണം**
**ദാസ്യതി ദ്രവിണം ഭൂരി**
**സീദതേ തേ കുടുംബിനേ**

**ആസ്തേഽധുനാ ദ്വാരവത്യാം**
**ഭോജവൃഷ്ണ്യന്ധകേശ്വരഃ**
**സ്മരതഃ പാദകമല-**
**മാത്മാനമപി യച്ഛതി**
**കിംന്വർഥകാമാൻ ഭജതോ**
**നാത്യഭീഷ്ടാഞ്ജഗദ്ഗുരുഃ** (10.80.10,11)

മഹാഭാഗ, നല്ലവർക്ക് ആശ്രയമായ അദ്ദേഹത്തെ ചെന്നു ദർശിയ്ക്കുക. വലയുന്ന കുടുംബിയായ അങ്ങയ്ക്കു വേണ്ടത്ര ധനം അദ്ദേഹം നല്കുന്നതാണ്. ഭോജവൃഷ്ണ്യന്ധകന്മാരുടെ ഈശ്വരനായ അദ്ദേഹം ദ്വാരകയിൽ വസിയ്ക്കയാണല്ലോ.

ജഗദ്ഗുരുവായ അദ്ദേഹം തന്റെ പാദപദ്മത്തെ ആശ്രയിയ്ക്കുന്നവർക്കു സ്വന്തം ആത്മാവെപ്പോലും കൊടുക്കുന്നു. പിന്നെ ഭജിയ്ക്കുന്നവന് അത്ര വലുതല്ലാത്ത അർഥവും കാമവും നല്കാതിരിയ്ക്കുമോ?

**സ ഏവം ഭാര്യയാ വിപ്രോ**
**ബഹുശഃ പ്രാർഥിതോ മൃദു**
**അയം ഹി പരമോ ലാഭ**
**ഉത്തമശ്ലോകദർശനം**

**ഇതി സഞ്ചിന്ത്യ മനസാ**
**ഗമനായ മതിം ദധേ**
**അപ്യസ്ത്യുപായനം കിഞ്ചിദ്-**
**ഗൃഹേ കല്യാണി ദീയതാം** (10.80.12,13)

ആ ബ്രാഹ്മണൻ ഭാര്യയാൽ ഇപ്രകാരം പല പ്രകാരത്തിലും നേർമയോടെ അപേക്ഷിയ്ക്കപ്പെട്ടപ്പോൾ, ഉത്തമശ്ലോകനെ ദർശിയ്ക്കൽതന്നെ പരമലാഭമാണെന്നു മനസാ വിചാരിച്ചു പോകാൻ തീരുമാനിച്ചു. കല്യാണി, കാഴ്ചവെയ്ക്കാൻ വല്ലതും വീട്ടിലുണ്ടെങ്കിൽ തന്നേയ്ക്കു എന്നു പറഞ്ഞു.

**യാചിത്വാ ചതുരോ മുഷ്ടീൻ**
**വിപ്രാൻ പൃഥുകതണ്ഡുലാൻ**
**ചൈലഖണ്ഡേന താൻ ബദ്ധ്വാ**
**ഭർത്രേ പ്രാദാദുപായനം** (10.80.14)

നാലുപിടി അവിൽ ബ്രാഹ്മണരോടു യാചിച്ചുവാങ്ങി തുണിക്കഷ്ണത്തിൽ പൊതിഞ്ഞുകെട്ടി കാഴ്ചദ്രവ്യമായി കൊണ്ടുപോകാൻ ഭർത്താവിനു നല്കി.